**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2058** **16-03-2022 - ൽ മറുപടിയ്ക്ക്**

**കലാഭവൻ മണി പാർക്കിന്റെ കവാടം വികൃതമാക്കിയവർക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | null<br>(മുഖ്യമന്ത്രി) | |
| (എ) | ചാലക്കുടി നഗരസഭയിലെ കലാഭവൻ മണി പാർക്കിന്റെ കവാടം സാമൂഹ്യ വിരുദ്ധർ പെയിന്റടിച്ച് വികൃതമാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് ചാലക്കുടി പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പരാതിക്കാർ ആരൊക്കെയെന്ന് വെളിപ്പെടുത്താമോ; | (ബി) | ടി സംഭവവുമായി ബന്ധപ്പെട്ട് ചാലക്കുടി നഗരസഭാ ചെയർമാൻ, സെക്രട്ടറി എന്നിവർ ചാലക്കുടി പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിരുന്നു. |
| (സി) | പ്രസ്തുത സംഭവത്തിൽ സാമൂഹ്യ വിരുദ്ധർക്കെതിരെ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസെടുത്തിട്ടുള്ളതെന്നും അന്വേഷണം ഏതുഘട്ടത്തിലാണെന്നും അറിയിക്കാമോ? | (സി) | ചാലക്കുടി നഗരസഭയിലെ കലാഭവൻ മണി പാർക്കിന്റെ കവാടം പെയിന്റടിച്ച് വികൃതമാക്കിയ സംഭവത്തിൽ 27.02.2022 ന്ചാലക്കുടി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 235/22 U/S 447, 427 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ഊർജിതമായ അന്വേഷണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ